**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*71.** **28.02.2018 ൽ മറുപടിയ്ക്ക്**

**പാതയോരത്തെ മദ്യഷാപ്പ് നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്<br>ശ്രീ.കെ.എം.ഷാജി | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പാതയോരത്തെ മദ്യഷാപ്പ് നിരോധനത്തിൽ നിന്നും കള്ളുഷാപ്പുകളെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. ബഹു.സുപ്രീംകോടതിയുടെ 15/12/2016 ലെ വിധിയിൽ സംസ്ഥാനത്തെ നാഷണൽ/സ്റ്റേറ്റ് ഹൈവേകളുടെ പാതയോരത്തുനിന്നും 500 മീറ്റർ പരിധിയിലുള്ള മദ്യഷാപ്പുകളുടെ നിരോധനത്തിൽ കള്ളുഷാപ്പുകളും ഉൾപ്പെടുന്നതാണ്. ടി വിധിയിൽ കള്ളുഷാപ്പുകളെ ഒഴിവാക്കിയിട്ടില്ല. 15.12.2016 ലെ വിധിന്യായത്തിന്റെ പരിധിയിൽ നിന്നും പഞ്ചായത്തു മേഖലകളെ ഒഴിവാക്കുന്നതു സംബന്ധിച്ച് 23.02.2018-ൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പരിശോധിച്ച് ഈ വിഷയത്തിൽ മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | ഇതിനായി അബ്കാരി നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | ഉദ്ദേശിക്കുന്നില്ല. അബ്കാരി നിയമത്തിൽ ഭേദഗതി നിർദ്ദേശങ്ങൾ നിലവിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**